**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3290 10.12.2018 ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ പട്ടയം നൽകുന്നതിലെ കാലതാമസം**

**ചോദ്യം**
**ശ്രീ. ആന്റണി ജോൺ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ കീരംപാറ, നേര്യമംഗലം, കുട്ടമംഗലം പ്രദേശങ്ങളിലായി 1977 ന് മുൻപ് വനഭൂമിയും, റവന്യൂ ഭൂമിയും കൈവശം വച്ച് കൃഷി ചെയ്തുവരുന്ന കർഷകർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം പട്ടയം ലഭിക്കുവാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കേരള ലാൻഡ് അസൈൻമെന്റ് ആക്ടിലെയും വന ഭൂമി പതിച്ചു കൊടുക്കൽ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ള ഇവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എറണാകുളം ജില്ലയിലൊഴികെ ഇത്തരം കൈവശക്കാർക്ക് വനഭൂമിക്ക് നാലേക്കർ വരെയും, റവന്യൂ ഭൂമി ഒരേക്കർ വരെയും പട്ടയം നൽകി വരുന്നുണ്ടെങ്കിലും എറണാകുളം ജില്ലയിൽ 15 സെന്റിൽ താഴെ മാത്രമാണ് ഭൂമിക്ക് പട്ടയം നൽകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം വീടു വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് ഈ ജില്ലയിൽ 15 സെന്റ് വീതം പതിച്ചു കൊടുത്തു വരുന്നു. |

| | | |
|---|---|---|
| (ഡി) | മറ്റ് ജില്ലകളിലേതുപോലെയും ഇടുക്കി പാക്കേജിന് സമാനമായതുമായ പട്ടയ നടപടി ഇവിടെയും സ്വീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 2005 വരെ കോതമംഗലത്തുണ്ടായിരുന്ന സ്പെഷ്യൽ തഹസീൽദാർ ഓഫീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (ഡി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം കൈവശവസ്തു പതിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോതമംഗലം സ്പെഷ്യൽ തഹസിൽദാർ ഓഫീസ് പുനരാരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | കോതമംഗലം മണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ? | (ഇ) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ